റബ്ബർവില സ്ഥിരതാ പദ്ധതി

175 (1647) ശ്രീ. വി. ശശി :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വില സ്ഥിരതാ പദ്ധതിയിൽ സാമ്പത്തിക ആനുകൂല്യങ്ങൾക്കായി എത്ര കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര ആർ.പി.എസ്സു-കളിലൂടെയാണ് ഈ രജിസ്ട്രേഷൻ നടന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ആർ.പി.എസ്സുകളിലൂടെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര അപേക്ഷകൾ ഫീൽഡ് ആഫീസർ മുമ്പാകെ കെട്ടിക്കിടപ്പുണ്ടെന്നും വ്യക്തമാക്കുമോ;

(സി) റബ്ബർ വില സ്ഥിരതാ പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 2-12-2015 വരെ 306635 റബ്ബർ കർഷകർ 1843 ആർ.പി.എസ്സുകളിലൂടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2-12-2015 വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം 306635 ആണ്. ഇതിൽ ഫീൽഡ് ആഫീസർമാരുടെ പരിശോധനയ്ക്കായി അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം 18877 ആണ്.

(സി) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കിവരുന്നു. പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിനായി ഈ പദ്ധതിക്ക് മാത്രമായി പ്രത്യേക വെബ് സർവർ സ്ഥാപിക്കുകയും ഹെൽപ്പ് ഡെസ്കിന്റെ സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകരുടെ അപേക്ഷകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നത് ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിന് റബ്ബർ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly